

2019-2020

# അക്ഷരക്കൂട്ട്





സ്നേഹം നിറഞ്ഞ അദ്ധ്യാപകരേ വിദ്യാർത്ഥികളെ,

2019-20 അധ്യായന വർഷത്തിൽ നിങ്ങളൊരു സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുകയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു. കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സർഗവാസനകൾ പുറത്തുകൊണ്ടുവരാനും അവരുടെ കഴിവുകളെ പ്രോഹത്സാഹിപ്പിക്കാനും ഇതുപോലെയുള്ള ഉദ്യമങ്ങൾ സഹായിക്കും.

മൂല്യങ്ങളാണ് ഒരു വ്യക്തിയെ മനുഷ്യനാക്കുന്നത്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നല്ലപെരുമാറ്റത്തിനും, നല്ലപെരുമാറ്റം മികച്ച സ്വഭാവ രൂപീകരണത്തിനും വഴിതെളിക്കും. സാക്ഷരതയും സാങ്കേതികവിദ്യയും കൈവശമാക്കാൻ മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലകൊള്ളുന്നത്. ശരിയായ വിശ്വാസ സംരക്ഷണത്തിൽ അടിയുറച്ച ബോധ്യങ്ങളോടെ ജീവിത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള പരിശീലനമാണ് വിദ്യാഭ്യാസം
ലക്ഷ്യമിടേണ്ടത്. യഥാർഥ വിദ്യാഭ്യാസം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുകയല്ല അടപ്പിക്കുകയാണ് ചെയ്യേണ്ടതെന്ന ഗാന്ധിജിയുടെ വാക്കുകൾ ഈ ചിന്താഗതിയെ ബലപ്പെടുത്തുന്നു.

ദൈവമാകുന്ന സത്യമാണ് എന്റെ മന്നിലുള്ളത് എന്ന അറിവിന്റെ വെളിച്ചത്തിൽ അതിനോട് യോജിക്കുന്ന സകല അറിവിനെയും സ്വീകരിക്കുവാനും ജീവിതത്തിന്റെ ഭഗമാക്കുവാനും മറ്റുള്ളവർക്ക് പകർന്നു നൽകുവാനും നിങ്ങൾക്കു സാധിക്കട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.........

**സി.മേഴ്സി മൈക്കിൾ**

**ഹെഡ് മിസ്ട്രസ്സ്**

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

**സി.മേഴ്സി മൈക്കിൾ**

**സ്റ്റാഫ് എഡിറ്റേഴ്സ്**

**സി.ബിന്ദു സെബാസ്റ്റ്യൻ**

**ശ്രീമതി.ജീനാ സി കണ്ടത്തിൽ**

**സ്റ്റുഡന്റ് എഡിറ്റർ**

**ദേവിക സജി**

**അംഗങ്ങൾ**

**സിയ എലിസബത്ത് സിബി**

**ആൻ മരിയ ജോജോ**

**മരിയ അഗസ്റ്റ്യൻ**

**ഡീനാ മണി**

**തെരേസ് ഷാജി**

**ഭാവിക മോഹനൻ**



## ഉള്ളടക്കം


അക്ഷരവിളക്ക്........8

ഫാ.തോമസ് പാട്ടത്തിൽചിറ........8

........11

അവശേഷിപ്പുകൾ........12

ബ്രദർ നെവിൻ നങ്ങാപറമ്പിൽ........12

ഓണം........15

ഐറിൻ തോമസ്........15

രഥയാത്ര........16

സെഡ്........16

നല്ല വാക്കുകൾ........18

സ്വർണനഗരം........19

മൗനദുഃഖം........26

അരിപ്പയും മുറവും........27

രാമു വിജയകുമാർ........27

ധന്യമാക്കാം........28

ഷൈജ്ജ അലക്സ്........28

മയിൽ........30

സെറാ സിബി........30

വിൽക്കാത്ത മുത്തുമാല........31

ആൻമി ജ്ജോണോ........31

ഡിസ്കോ ഡാൻസ്........32

അസുരമംഗലം വിജയകുമാർ........32

ഗുരു തന്ന മറുപടി........33

കവിത........33

വമ്പൻ സഹാറ........34

പ്രകൃതി........35

അജ്ഞന ജിൻസ്........35

കലാം മൊഴികൾ........37

കുരുന്ന പ്രത്യാശ........39

ഞാനാ ബൾബ്..!........42

സംഗീത്........42

മൂളിപ്പാറും ഈച്ച!........43

പാപ്പച്ചൻ കടമക്കുടി.....43
അത്യാഗ്രഹം ആപത്ത്.....44
ജോസ് പയസ്.....44
പ്രാർത്ഥന മഞ്ഞുരുക്കും.....45
ജോയൽ ജോസഫ്.....45
ഇലഞ്ഞിമരച്ചുവട്ടിൽ.....47
ബാബു പേണ്ടാനം.....47
കുരങ്ങന്റെ കോപം.....49
വർഗ്ഗീസ് പോൾ.....49
സ്ത്രീ പദവിയും വർത്തമാനകാല സാഹചര്യവും.....59
ജെ.മേഴ്സിക്കുട്ടിയമ്മ.....59
'മീശക്കാരൻ കേശവൻ'.....61
-'ചങ്ങമ്പുഴ പ്രഫുല്ലചന്ദ്രൻ'.....61
വലിയ പൂക്കളുമായി കാനച്ചെടികൾ.....62
മാത്യൂസ് ആർപ്പൂക്കര.....62
അനന്തമഹിമാവീശൻ.....63
വി. പി.ജോൺസ്.....63
ചാച്ചാജിയും റോസാപൂവും.....65
സംഭവകഥ.....65
അമ്മിണിക്കുട്ടിയും അമ്മച്ചിപ്ലാവും.....67
ചിന്നു എസ്.....67
എന്തൊരു കാഴ്ച.....69
അനന്ത്.....69
ചെണ്ടുമല്ലി എന്ന കീടസംഹാരി.....70
നാട്ടറിവ്.....70
കുട്ടികളേ.....71
ജയനാരായണൻ തൃക്കാക്കര.....71

## കുട്ടികളുടെ പ്രിയപ്പെട്ട രാഷ്ട്ര ഭാഷാദ്ധ്യാപിക ആനീസമ്മയ്ക്കും




## യു. പി. സയൻസ് അദ്ധ്യാപിക ശ്രീമതി ഫിലോമിന ടീച്ചറിനും

# യാത്രാമംഗളങ്ങൾ

# അക്ഷരവിളക്ക്

ഫാ.തോമസ് പാട്ടത്തിൽചിറ



അമ്പത്തൊന്നക്ഷരത്തിരികൾതെളിഞ്ഞിടും-
ആരമ്യമലയാളനെയ് വിളക്കേ,
ഇരുളിൽക്കഴിഞ്ഞീടുമജ്ഞർക്കറിവു തൻ-
ഈശ്വരപ്രഭയേകി നില്പവൾ നീ.
ഉത്കൃഷ്ടഭാഷയിലിന്നെത്ര സൃഷ്ടികൾ
ഊറിവന്നു, നിൻെറ പൊൻപ്രഭയിൽ.
ഋഷിവര്യരെത്രയോ നിൻദിവ്യശോഭയിൽ
ൠഭോഷരായോർക്ക ജ്ഞാനമോതി,
എഴുതുന്നു ബാലകരക്ഷരം നിൻമുന്നിൽ,
ഏറ്റുപാടുന്നക്കപ്പട്ടികകൾ.
ഐശ്വര്യദായിനീ, നിൻകടാക്ഷത്തിനായ്
ഒട്ടേറെ മാനവരാഗ്രഹിപ്പൂ.
ഓണമോശാനറംസാൻവിഷുഗീതികൾ
ഔവയാം നിന്നിൽനിന്നുത്ഭവിപ്പൂ.
കഥകളിയോട്ടംതുള്ളലിവ വിജ്ഞാന-
ഖനി നിൻെറ കാന്തിയിൽ ചുവടുവയ്പൂ.
ഗന്ധർവ്വഗായകരാദീപ്തവേദിയിൽ
ഘനലോലരാഗങ്ങളാലപിപ്പൂ.
ഡർബാർകളും, കലാശാലകളും നിന്നെ,
ഢോലമേളങ്ങളോടാദരിപ്പൂ.
ധനമാകുമറിവിൻ കിരണങ്ങളൊന്നുപോൽ,
നല്കുവോൾ നീ, സകലർക്കുമായി.
പഠനപാതയിലൂടെ മുന്നേറി ജീവനിൽ,

ഫലമേകുവാൻ നീ തുണച്ചിടുന്നു.
ബലമാണ നീയെനിക്കീലോകയാത്രയിൽ,.
ഭയമേതുമറിയാതെ നീങ്ങീടുവാൻ.
മർത്ത്യമനീഷായ്ക്ക് വേണ്ട വിദ്യാമൃതം,
യഥേഷ്ടമരുളുന്നയംബിക നീ.
രത്നതുല്യം നിന്നെ നേടിയോർ ജീവിത-
ലക്ഷ്യങ്ങളിലെത്തി ധന്യരായി.
വള്ളത്തോളാശ്ശാനുള്ളൂർ തുടങ്ങിയോർ,
ശിരസ്സുനമിച്ചുതൊഴുതു നിന്നെ.
ഷഡ്ഗുണരൂപിണീ, നിന്നാശ്രിതർ പരം-
സമ്പന്നരായ് മാറി നാളിതോളം.
റാണിയായ് വാഴ്ക; നിൻ തിരുമുമ്പിലീ-
ക്ഷണികനാമെന്നക്ഷരപ്രണാമം.


BOROSIL

# അവശേഷിപ്പുകൾ

ബ്രദർ നെവിൻ നങ്ങാപറമ്പിൽ

കാല്പാദങ്ങൾ ചവിട്ടിയരച്ചുകളഞ്ഞ ചെടികളെയും വഴിയിൽ പുതഞ്ഞുകിടക്കുന്ന ചെളിയും മറികടന്നു നടന്നു. വീടിനോട് അടുക്കുന്തോറും മനസ്സിലെ ആധി വർദ്ധിച്ചുവരുന്നു. എന്തോ ഒന്ന് എന്നേക്കുമായി നഷ്ടപ്പെട്ടുകഴിഞ്ഞു. വേലിപ്പടർപ്പുകളിൽ തങ്ങിനിൽക്കുന്ന അവശിഷ്ടങ്ങളിൽനോക്കി. വേലിപ്പത്തലുകൾക്കിടയിൽ ഉടക്കി ശ്വാസം മുട്ടിയിരിക്കുകയാണെന്ന് തോന്നുന്നു.

വേലിപ്പടർപ്പുക്കളിൽ അങ്ങിങ്ങായി ദുരന്തത്തിന്റെ അവശേഷിപ്പെന്നോണം വിളറിയ ചെമ്പരത്തിപ്പൂക്കളും പൂവിട്ടു നില്പ്പുണ്ട്. വീടു കാണാറായി. മുറ്റത്തെ പന്തൽ നിലം പൊത്തിയിട്ടില്ല. ഉയർത്തിക്കെട്ടിയ വെള്ള ശീലത്തുണി ആകെ ചെളിനിറമായിട്ടുണ്ട്. വേലിയിലും നടവഴിയിലും അടിഞ്ഞുകൂടിയ അവശിഷ്ടങ്ങളെല്ലാം പെറുക്കി വശത്തേക്കുതോണ്ടിക്കളഞ്ഞ് അകത്തേക്കുകയറി.

അപ്പന്റെ ശവസംസ്കാരത്തിനായി കുത്തിയ ശവക്കുഴി ചെളി കയറിമൂടിപ്പോയിരിക്കുന്നു. വീടിനകത്തേക്ക് കയറാൻ ഒരു

വല്ലായ്മ. ചെളിയിൽ പൊതിഞ്ഞ് ചത്തുവീർത്ത കിടാവിന്റെ ജഡം പ്ലാവിലുടക്കിക്കിടക്കുന്നതു കണ്ട് തെകട്ടി ഓക്കാനം വന്നു.തെകട്ടിക്കയറിയ പുളിവെള്ളം തൊണ്ടതൊടാതെയിറക്കി.

വിശപ്പിന് ലേശം ശമനം വന്നെന്നു തോന്നുന്നു. പിന്നാമ്പുറത്തേക്കു നടന്നു. ചെളിപുതഞ്ഞ വരാന്തയിൽ

മുണ്ട് ഒന്നുകൂടി മുറുക്കിക്കുത്തി അവിടെ പടിഞ്ഞിരുന്നു. അപ്പനെ എവിടെ കൊണ്ടുപോകും,വിശക്കുന്നു. എന്റെ അപ്പനെ തെരുവുപട്ടിയെ കുഴിച്ചിടുന്നതുപോലെ... ഓർക്കാൻ വയ്യ. ശ്വാസം കിട്ടാതെ പിടയുന്ന മീനുകളെപ്പോലെ എന്റെ ചങ്കുപിടഞ്ഞു. പിടഞ്ഞെണീറ്റ് വാതിൽ ആഞ്ഞ് തള്ളിത്തുറന്ന് അകത്തുകയറി. ജീർണ്ണിച്ച മാംസത്തിന്റെ മണം.

നിലത്തൂടെ പുഴ ഇഴയുന്നുണ്ട്. അപ്പനെ പൊതിഞ്ഞുവച്ച പരമ്പ് പതുക്കെ മാറ്റിനോക്കി. ഒരു കെട്ട് പുഴ മാത്രം. അവളെ കൊണ്ടുവരതിരുന്നതുനന്നായി. എന്നെ തികട്ടി. ക്യാമ്പിൽനിന്നു കിട്ടിയ കഞ്ഞിവെള്ളത്തിലെ അവസാന ചോറും വറ്റും ഛർദ്ദിച്ചു.

ഉടുത്ത മുണ്ടുപറിച്ച് പരമ്പ് ഒന്നുകൂടെ പൊതിഞ്ഞ് മുറക്കെ കെട്ടി. ശവം തോളിലിട്ട് പുറത്തേക്കു ലക്ഷ്യമില്ലാത്തവനെപ്പോലെ. തപ്പിത്തടഞ്ഞു, വീണ്ടും ഓക്കാനിച്ച് ശവം ഒരു വശത്തേക്കിട്ടു. ശവം ചുറ്റിക്കെട്ടിയ മുണ്ടിന്റെ വെളിയിലൂടെ പുഴ പുറത്ത് ചാടിത്തുടങ്ങി. ശവം വലിച്ച് മുൻ വശത്തെ വരാന്തയോട് ചേർത്തു വച്ചു. വെള്ളംകുടിച്ച് ചീർത്ത പങ്കായം ഇറമ്പിൽനിന്ന് വലിച്ചൂരി. വീടിന്റെ ഭിത്തി ആകെ വിണ്ടിട്ടുണ്ട്.പിന്നെ ഞാനായിട്ട് സമ്പാദിച്ചതല്ലല്ലോ എന്ന തോന്നൽ മനസ്സിന് തെല്ലൊരാശ്വാസം നൽകി. ശവം തോളിലിട്ടു കടപ്പുറം ലക്ഷ്യമാക്കി നടന്നു.വല്ലാത്ത ഭാരം. കടൽവെള്ളവും മണലും കയറി അപ്പന്റെ വഞ്ചി നെരെയാക്കി വെള്ളത്തിലേക്ക് ഇറക്കിനിറുത്തി. മണലിൽപ്പതിഞ്ഞ കാൽപ്പാടുകളെ മായ്ക്കുവാൻവേണ്ടി ആവേശത്തോടെ തീരത്തെ പുണരുന്ന കടൽത്തിരകളെ നോക്കിനിന്നു. തിരകളുടെ ആവേശം തീരത്തിനേറ്റ ക്ഷതങ്ങൾ തീരം മറന്നുപോകുന്നു. നിലത്തിട്ടിരുന്ന ശവത്തിൽനിന്ന് പുഴക്കൾ ഇറങ്ങിത്തുടങ്ങി. എന്തോ അപകടം സംഭവിക്കാൻ പോകുന്നത് മനസ്സിലാക്കിട്ടാണെന്നു തോന്നുന്നു. പുഴക്കൾ ഭൂമിയെ ജിർണ്ണിപ്പിക്കാനുള്ള ലാഘവത്തോടെ കടൽ തീരത്തെ ചെളിപ്പൊത്തുകളിലേക്ക് മിറിച്ച്മിറിച്ചു ഇറങ്ങിത്തുടങ്ങി. ശവം എടുത്ത് തോളിലിട്ട് തുഴഞ്ഞ് തുടങ്ങി. അന്തമില്ലാത്ത തുഴച്ചിൽ. ചുറ്റും വെള്ളം മാത്രം. ജിർണ്ണിച്ച തുഴ ഒടിഞ്ഞ് വെള്ളത്തിൽ താണു. വള്ളത്തിന്റെ

അങ്ങേ തലക്കലുള്ള കുഞ്ഞുതുളയിലൂടെ വെള്ളം അരിച്ചു കയറിതുടങ്ങിയിരിക്കുന്നു. വെള്ളം ശവം ഇരിക്കുന്നിടത്തേക്ക് ഊറിയൊഴുകിയെത്തിയ വെള്ളത്തിൽക്കിടന്ന് ഇഴച്ചു. ഒരു വേള കൂടി അപ്പന്റെ ശവത്തിൽ കണ്ണു നട്ടിരുന്നു. വള്ളത്തെ ഒഴുക്കാൻ വിട്ട് വെള്ളത്തിലേക്കു ചാടി കര ലക്ഷ്യമാക്കി നീന്തിത്തുടങ്ങി. അപ്പന്റെ മരണം പതിയെ മതിയായിരുന്നു എന്ന തോന്നൽ വിറയലോടെ ഇപ്പോഴും എവിടെയോ അവശേഷിക്കുന്നു.














shuka
vana

# ഓണം

ഐറിൻ തോമസ്

ഓണം വന്നൊരു പൊന്നോണം
നമ്മുടെ നാടിൻ അഭിമാനം
പൂക്കളമൊരുക്കാൻ, സദ്യയൊരുക്കാൻ
മാവേലി മന്നനെ വരവേൽക്കാൻ
പച്ചടി കിച്ചടി കറികളുമായ്
ഇലയിൽ നിറയേ വിഭവങ്ങൾ
വയറുനിറച്ചും ഉണ്ടുകഴിഞ്ഞൊരു
കുഞ്ഞികിണ്ണം പായസവും
എന്തൊരുഭംഗി ഈ ഓണം
നിർമ്മലമായൊരു പൊന്നോണം
നമ്മുടെ കേരള നാട്ടിൽ വന്നൊരു
സുന്ദരയോത്സവം പൊന്നോണം



# രഥയാത്ര

സെഡ്

ഏഴുകുതിരകളെ പൂട്ടിയ രഥത്തിൽ രാജകുമാരൻ ജൈത്രയാത്ര നടത്തി തിരിച്ചെത്തി. മഹാമാജാവും പരിവാരങ്ങളും രാജകുമാരനെ അഭിനന്ദനങ്ങനൾ കൊണ്ട് വീർപ്പുമുട്ടിച്ചു. കുമാരന്റെ അസാമാന്യകഴിവിൽ സംപ്രീതനായ മഹാരാജാവ് പുതിയ പല ദൗത്യങ്ങളും കപമാരനെ ഏൽപ്പിച്ചു. ദൗതൃങ്ങളത്രയും ചങ്കുറ്റത്തോടെ ഏറ്റെടുക്കാൻ രാജകുമാരൻ തയ്യാറായി. രാജകുമാരന്റെ ഉയർച്ച സൈനാധിപരുടെയും മന്ത്രിപ്രമുഖരുടെയും മഹിമപ്രതാപങ്ങളിൽ മങ്ങലേൽപ്പിച്ചു. അവർ ഒത്തുകൂടി. അവസാനം രാജസന്നിധിയിലെത്തി. ഒരോരുത്തരായി രാജാവിനെ മുഖം കാണിച്ചു. എല്ലാവർക്കും ഉണ്ടായിരുന്ന എന്തെങ്കിലും പറയുവാൻ. എല്ലാവരും പറഞ്ഞു രാജകുമാരനെപറ്റി.



കുമാരനെക്കുറിച്ചുകേട്ട വാർത്തകൾ രാജാവിന്റെ ഉറക്കം കെടുത്തി. പിന്നെ അധികം ആലോചിച്ചില്ല. മഹാരാജാവ് മന്ത്രിപ്രമുഖരോടും സൈനാധിപരോടും കല്പിച്ചു. "എത്രയും വേഗം രാജകുമാരനെ പിൻതുടർന്ന് കണ്ടെത്തി രഥം കൊട്ടാരത്തിൽ എത്തിക്കുക." വിജയവീഥികളിലൂടെ ദൗത്യ നിർവഹണത്തിൽ മാത്രം ശ്രദ്ധവച്ചുനീങ്ങിയ രാജകുമാരൻ രാജകല്പനകേട്ട്

അസ്വസ്ഥനായി.എങ്കിലും കല്പനപോലെ രഥം രാജകൊട്ടാരത്തിലേക്കു തിരിച്ചുവിടാൻ ശ്രമിച്ചു.

എന്നാൽ പ്രധാനമന്ത്രി കല്പിച്ചു: " വേണ്ട രാജകുമാരൻ ഇനി രഥം തെളിക്കേണ്ട.ഞങ്ങൾ രഥം കൊട്ടാരത്തിൽ എത്തിച്ചുകൊള്ളാം." രാജകുമാരൻ രഥത്തിൽനിന്നും താഴെതിറങ്ങി.പിന്നെ സ്വതന്ത്രമായി ചിന്തിച്ചു. ഇവരാര് ? താനാര് ? താൻ ചെയ്യുന്ന പ്രവർത്തി എന്ത് ? രാജകുമാരൻ അർത്ഥഗർഭമായി പുഞ്ചിരിച്ചു.പിന്നെ സ്വയം മനസ്സിലാക്കി. താൻ രാജകുമാരനാണെങ്കിലും കല്പന രാജാവിന്റേതാണ്. രാജകുമാരൻ സമ്മതിച്ചു. രാജകല്പനപോലെ നടക്കട്ടെ. സൈനാധിപ്യയരും മന്ത്രിമാരും മാറി മാറി തങ്ങളുടെ തേരുകളിലേക്കു ക്ഷണിച്ചു. എന്നാൽ അവരുടെ ക്ഷണം നിരസിച്ച രാജകുമാരൻ രഥമുപേക്ഷിച്ച് കാൽനടയായി നടന്നുതുടങ്ങി.

രാജകുമാരന്റെ പ്രവർത്തിയിൽ രാജാവു കോപിച്ചു. രാജ്ഞി ദുഃഖിച്ചു. ശത്രുക്കൾ പുഞ്ചിരിച്ചു. ഏകനായി നടന്ന തുടങ്ങിയ രാജാവിന്റെ മനസിൽ സംശയങ്ങളും വിലയിരുത്തലുകളും പുത്തൻ നിശ്ചയങ്ങളും തിരകളായിയുയർന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട വാശിയോർത്തു തളർന്നുവീണു. തളർന്ന വീണ രാജകുമാരനെ

ഉണർത്താൻ ആർക്കും കഴിഞ്ഞില്ല. രാജ്യം പൂർവാധികം ശക്തി പ്രാപിച്ചു. മറ്റു രാജകുമാരന്മാർ ദൗത്യം ഏറ്റെടുത്തു.തളർന്നുവീണ രാജകുമാരൻ തളർന്ന തന്നെ കിടന്നു. രഥം ഒരു നോക്കുകുത്തിപോലെ രാജകൊട്ടാരത്തിന്റെ മുമ്പിൽ കിടന്നു.

# നല്ല വാക്കുകൾ

കവിത

നന്മകൾ നിറയും വാക്കുകളെല്ലാം
പൂവുകളായി മാറുന്നു.
തിന്മകൾ നിറയും വാക്കുകളെല്ലാം
പുഴുക്കളായിത്തീരുന്നു.
പ്രാർത്ഥന നിറയും വാക്കുകളെല്ലാം
അനുഗ്രഹമാരി ചൊരിഞ്ഞിടും .
സ്നേഹം നിറയും വാക്കുകളാലെ
പൂവനമാകും ഭൂലോകം
ജീവൻ ചൊരിയും വാക്കുകളാലേ
ജീവസ്സേകാം തോഴർക്ക്
മോദം പകരും വാക്കുകളാലേ
മോഹനമാക്കാം ഭവനങ്ങൾ
ഉണർവ്വുപകരും വാക്കുകളാലേ
ഉത്സാഹത്തിൻ ഉന്മേഷം .
ഉയിരുനിറയും വാക്കുകളാലേ
ഉല്ലാസത്തിൻ തിരിവെട്ടം
തേനിൻ മധുരം വാക്കിൽചേർത്ത്
ചേതന സുന്ദരമാക്കീടാം
പാവനമാകും വാക്കുകൾ ചൊല്ലി
പാരിനു ചാരുത നൽകീടാം .

സി.ഫിലമിൻ സി.എം.സി

# സ്വർണ്ണനഗരം

കഥ

പണ്ടുപണ്ട് സ്വർണനഗരം എന്നൊരു സ്ഥലമുണ്ടായിരുന്നു . മനുഷ്യർ ആരും കടന്നുചെല്ലാത്ത സ്വർണനഗരത്തിലെ ഓരോ മണൽത്തരിയും സ്വർണമായിരുന്നു .

സ്വർണനഗരത്തിൽ താമസിച്ചിരുന്ന ഒരേയൊരു ജീവി ഒരു പക്ഷിയായിരുന്നു ; സുവർണകൻ . എന്നും രാവിലെ സുവർണകൻ സ്വർണനഗരത്തിൽനിന്നു പുറത്തു കടക്കും . എന്നിട്ട് വനത്തിലേക്ക് പറക്കും .

പകൽ മുഴുവൻ വനത്തിൽ കഴിച്ചുകൂട്ടും . രാത്രി ഉറങ്ങാൻ നേരത്തു മാത്രമേ സുവർണകൻ സ്വർണനഗരത്തിൽ തിരിച്ചെത്തൂ .

സ്വർണനഗരത്തെക്കുറിച്ച് ആരും അറിയാതിരിക്കാൻ സുവർണകൻ വളരെ ശ്രദ്ധിച്ചിരുന്നു . അതു കൊണ്ടുതന്നെ , കാട്ടിലേക്കു പോകുന്നതും വരുന്നതുമെല്ലാം വളരെ സൂക്ഷിച്ചായിരുന്നു .

ഒരു ദിവസം വൈകിട്ട് കാട്ടിൽ നിന്ന് മടങ്ങാനൊരുങ്ങിയപ്പോൾ സുവർണകന് വല്ലാതെ ദാഹം തോന്നി .സുവർണകൻ വേഗം ഒരു അരുവിയിൽ ചെന്ന് വെള്ളം കുടിക്കാൻ തുടങ്ങി .

വെള്ളം കുടിക്കുന്ന സുവർണകനെ ഒരു വേട്ടക്കാരൻ കണ്ടു .

'ഹോ . എന്തൊരു ഭംഗിയുള്ള പക്ഷി . ഇതിനെ പിടികൂടണം .' വേട്ടക്കാരൻ തീരുമാനിച്ചു . അയാൾ വേഗം സുവർണകനുനേരെ അമ്പെയ്തു .

ഒരു നിമിഷം . അമ്പ് തനിക്കു നേരെ മൂളി വരുന്നത് സുവർണകൻ എങ്ങനെയോ അറിഞ്ഞു .

ഒരൊറ്റ നിമിഷംകൊണ്ട് അവൻ ഒഴിഞ്ഞ്ഞുമാറി .

പക്ഷേ , അല്പം വൈകിപ്പോയി . അമ്പേറ്റ് സുവർണകന്റെ ശരീരത്തിൽ ഒരു മുറിവേറ്റു .

സുവർണകൻ പിന്നെ അവിടെ നിന്നില്ല . അവൻ സ്വർണനഗരത്തിലേക്ക് പറന്നു . അതിനിടെ , മുറിവിൽനിന്ന് ചോരയിറ്റു വീണുകൊണ്ടിരുന്നത് അവൻ അറിഞ്ഞില്ല .
സുവർണകൻ പറന്ന വഴിയിലൊക്കെ ചോരത്തുള്ളികളുണ്ടായിരുന്നു . വേടൻ അതുനോക്കി നടക്കാൻ തുടങ്ങി . കാടും മലയും മേടും കടന്ന് വേടൻ നടന്നു . അയാളുടെ ദേഹമാകെ മുറിവേറ്റു . എന്നിട്ടും വേട്ടക്കാരൻ ആ നടപ്പു തുടർന്നു . ഒടുവിൽ വേടൻ അവിടെയെത്തി - വലിയ മലകൾക്കു നടുവിലുള്ള സ്വർണനഗരത്തിൽ .
ചുറ്റും നോക്കിയ വേടന്റെ കണ്ണു മഞ്ഞളിച്ചുപോയി . അതാ നോക്കുന്നിടത്തെല്ലാം നിറയെ സ്വർണം കിടന്നു തിളങ്ങുന്നു .
"ഹയ്യട . ഇനി ഈ സ്വർണം മുഴുവൻ എനിക്ക് സ്വന്തം . . "
വേട്ടക്കാരൻ അലറിവിളിച്ചു .
മുറിവേറ്റ ക്ഷീണത്തിൽ വിശ്രമിക്കുകയായിരുന്ന സുവർണകൻ അതുകേട്ടു ഞെട്ടി . സ്വർണനഗരത്തിൽ അതാ , ഒരു മനുഷ്യൻ ആദ്യമായി കാൽ കുത്തിയിരിക്കുന്നു .
ഇയാൾ സ്വർണനഗരം കണ്ടു പിടിച്ചിരിക്കുന്നു . ഇനി ഇയാൾ തിരിച്ചുചെന്ന് കൂട്ടുകാരെ വിളിച്ചു കൊണ്ടുവരും . സ്വർണനഗരത്തിൽ മനുഷ്യർ നിറയും . അതോടെ സ്വർണനഗരംതന്നെ നശിച്ചുപോകും .
സുവർണകന് പേടിയായി . അപ്പോഴും വേട്ടക്കാരൻ സന്തോഷം സഹിക്കാതെ സ്വർണത്തരികളിൽ കിടന്നുരുളുകയാണ് . കാടും മലയും കേറിയുണ്ടായ മുറിവുകളിൽ സ്വർണത്തരികൾ പറ്റിപിടിച്ചു . വേടൻ അതൊന്നുമറിഞ്ഞില്ല .
വിശപ്പും ദാഹവുമൊന്നും അയാൾ ശ്രദ്ധിച്ചതേയില്ല . ഒന്നും ഓർക്കാതെ അയാൾ സ്വർണം വാരി വാരിക്കളിക്കുകയായിരുന്നു .
കുറേ കഴിഞ്ഞപ്പോൾ വേടൻ അവശനായി . എന്നിട്ടും അയാൾ സ്വർണം വാരുന്നത് നിർത്തിയില്ല . ഒടുവിൽ അയാൾ വീണു . അവിടെത്തന്നെ കിടന്ന് അയാൾ മരണമടഞ്ഞു . അപ്പോഴും അയാളുടെ കൈയിൽ ഒരു പിടി സ്വർണത്തരികളുണ്ടായിരുന്നു .
"കഷ്ടം . മനുഷ്യരുടെ അത്യാഗ്രഹം അവനു തന്നെ ആപത്താകും ", വേടനെ നോക്കി സുവർണകൻ സ്വയം പറഞ്ഞു .

പിന്നീട് ഒരിക്കലും ഒരു മനുഷ്യനും സ്വർണനഗരത്തിലേക്ക് വന്നിട്ടില്ല .

ഗിഫ്റ്റ മേലാറ്റൂർ





K C S L സംസ്ഥാന മത്സരത്തിൽ ഫസ്റ്റ് നേടിയ മാർഗ്ഗംകളി ടീം ആനിമേറ്റർ സി.ആനീസിനൊപ്പം

# മൗനദുഃഖം

കവിത

ആരുടെ കാലൊച്ച കാതോർത്തു നിലപൂ നീ
ഭൂരുഹമേ, വഴിവക്കിൽ?
നിൻ ശിഖരങ്ങളിൽ ചേക്കേറി സ്വപ്നങ്ങൾ
നെയ്ത കിളികളിന്നെങ്ങോ?
'വൃക്ഷമേ, നിന്നെ പ്രണയിച്ച പൂങ്കാറ്റൊ-
രക്ഷരമോതാതെ പോയതെങ്ങോ?
കാർമേഘഗർജ്ജനം കേട്ടു സ്തംഭിക്കാത്ത
കാണ്ഡം ചിതൽ കാർന്നുവെന്നോ!
പച്ചക്കുടകൾ നീർത്താലോലമാടിയ
കാല്പനികപ്രഭയെങ്ങോ?
രാപ്പകലുകൾ സുഗന്ധം പകർന്നിടും
പൂപ്പാലികക്കൂട്ടമെങ്ങോ ?
രൗദ്രതാളത്തിൽ കടന്നുടി കൊട്ടുന്ന
ക്ഷുദ്രഹസ്തങ്ങളിന്നെങ്ങോ?
ഈ മണൽക്കാട്ടിൽ മുടന്തിവന്നെത്തുന്ന
ഒട്ടകക്കൂട്ടവുമെങ്ങോ?
മാറ്റൊലിയില്ലാത്ത മൗനദുഃഖങ്ങൾതൻ
മാറ്റു കുറയുന്നതെന്നോ?
ആലയിൽകൊല്ലൻ മഴച്ചുട്ടു തല്ലുമ്പോ-
ളാരവം കേൾക്കുന്നിതെങ്ങോ?

പുത്തൻവേലിക്കര സുകുമാരൻ

# അരിപ്പയും മുറവും

രാമു വിജയകുമാർ

ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. രാജാവിന് രണ്ട് മക്കളുണ്ടായിരുന്നു.വിദ്യ അഭ്യസിക്കാൻ കാലമായപ്പോൾ രാജാവ് ആ രാജ്യത്തെ ഏറ്റവും സമർത്ഥനായ ഒരു ഗുരുവിന്റെ വീട്ടിലേക്ക് ഗുരുകുലവിദ്യാഭ്യാസത്തിനായി കുട്ടികളെ അയച്ചു. നാളുകൾ കുറെകഴിഞ്ഞു. പഠനം പൂർത്തിയാക്കി ഗുരുദക്ഷിണയും നൽകി അവർ മടങ്ങുന്ന സമയത്ത് ഗുരു അവർക്ക് ഓരോ സമ്മാനം നൽകി. ഒരു കുട്ടിക്ക് ഒരു മുറവും മറ്റവന് ഒരു അരിപ്പയുമാണ് ഗുരു നൽകിയ സമ്മാനം. ഇതുമായി അവർ കൊട്ടാരത്തിലെത്തി. സമ്മാനങ്ങൾ രണ്ടുപേരും രാജാവിനെകാണിച്ചു. പണ്ഡിതനായ ഗുരു ഇതിലെന്തോ അർത്ഥം കണ്ടിട്ടുണ്ടെന്ന് ബുദ്ധിമാനായ രാജാവിന് മനസിലായി. രാജാവ് മന്ത്രിയെ വിളിച്ചു. ഈ സമ്മാനങ്ങൾ കൊണ്ട് ഗുരു അർത്ഥമാക്കിയതെന്താണെന്ന് കണ്ടുപിടിക്കാൻ ആജ്ഞാപിച്ചു. മന്ത്രി ചിന്താകുലനായി. ഒടുവിൽ മന്ത്രിപത്നി അതിനുത്തരം പറഞ്ഞുകൊടുത്തു. അരിപ്പയും മുറവും നല്ലതും ചീത്തയും വേർതിരിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളാണ്. പക്ഷേ, ഒരു വ്യത്യാസം, അരിപ്പയിൽ ചീത്ത അകത്തുകിടക്കുകയും നല്ലത് പുറത്തേക്ക് പോവുകയും ചെയ്യും. മന്ത്രി ഈ കാര്യം രാജാവിനെ അറിയിച്ചു. രണ്ടുപേരുടെയും വിദ്യാഭ്യാസത്തിലുള്ള വ്യത്യാസമാണ് ഗുരു സൂചിപ്പിച്ചതെന്ന് രാജാവിന് മനസ്സിലായി.

# ധന്യമാക്കാം

**ഷൈല അലക്സ്**

പാറിപ്പറക്കുന്ന നേരിനെ
പോറലേല്പ്പിക്കാതെ നോക്കണം
വീറും വാശിയും കളയണം
നൂറുനൂറു സ്വപ്നങ്ങൾ വിടർത്തണം
കുറ്റവും കുറവും നികത്തണം
കറപുരളാതെ ജീവിച്ചിടേണം.











# മയിൽ

സെറാ സിബി



മയിലേ നീയൊരു സുന്ദരി
പക്ഷികളിൽ നീ തന്നെ സുന്ദരി
മാനം കറുത്താൽ പിന്നെ
മടിയാതെ നൃത്തമാടും നീ
മയിലേ നീയൊരു സുന്ദരി
നിന്റെ നൃത്തമെത്ര മോഹനം
നിന്നെക്കാണുമ്പോളോർക്കും
ദൈവത്തിൻ മഹത്വമാരും



# വിൽക്കാത്ത മുത്തുമാല

ആൻമി ജൂണോ

കടൽത്തീരത്ത് മുത്തുമാല വിൽപ്പനയാണ് ചമൻലാലിന്റെ ജോലി. എന്നും അയാൾ ഒരു മാല മാത്രം വിൽക്കാതെ മാറ്റി വയ്ക്കും.

ഒരു വലിയ പണക്കാരൻ ചമൻലാലിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.ഒരു ദിവസം അയാൾ പറഞ്ഞു:"നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ആ മാല കൂടി വിറ്റ് ലാഭം കൂട്ടുമായിരുന്നു... "പക്ഷേ ചമൻലാൽ ഒന്നും മിണ്ടിയില്ല. അല്പം കഴിഞ്ഞപ്പോൾ ഒരമ്മയും കുട്ടിയും കടൽ കാണാനെത്തി. പാവപ്പെട്ടവരാണെന്ന് കണ്ടാലേ അറിയാം. വിൽക്കാതെ മാറ്റിവച്ച ആ മാല ചമൻലാൽ വിലയൊന്നും വാങ്ങാതെ ആ കുട്ടിക്കു കൊടുത്തു. ചമൻലാൽ പണക്കാരനോടു പറഞ്ഞു:"
പാവപ്പെട്ട കുഞ്ഞുങ്ങൾ തരുന്ന ആ ചിരിയാണ് എന്റെ ലാഭം...."







# ഡിസ്കോ ഡാൻസ്

അസുരമംഗലം വിജയകുമാർ

കൊട്ടത്തേങ്ങകളിട്ടൊരു തട്ടിൽ
കിട്ടൻപൂച്ച കിടക്കുമ്പോൾ
ഡിക്കൻചുണ്ടെലി കൂട്ടരുമായി
ഡിസ്കോ ഡാൻസിനു ചെന്നെത്തി!
കൊട്ടും തട്ടും പുകിലതു കേട്ട്
കിട്ടൻപൂച്ചയുമന്നേരം
പെട്ടെന്നൊപ്പം ചാടിയിറങ്ങി,
തട്ടുപൊളിപ്പൻ ഡിസ്കോയായ്.......!







# ഗുരു തന്ന മറുപടി

**കവിത**



ചെമ്പനീർപ്പൂവായി  തഴുകിയെത്തി
എൻ മുൻപിൽ അറിവിൻ
കവാടം കണി തന്നു മെല്ലെ
അക്ഷയമാം അക്ഷരം ഉൗകിയെൻ ഗുരു
വർണ്ണമിണങ്ങിത്തിളങ്ങിയെൻ
കഴിവിനെ ഞാൻ തോളിലേറ്റി
ആകാശഗോപുരത്തെ വെളിച്ചത്തിനായി
ആ വഴി വിസ്മയമാക്കിയെൻ ഗുരു
അറിവിൻെറ കടലിലേക്ക് പിച്ചവെപ്പിച്ചെന്നെ
അറിവൊഴുകും പ്രഭാതമായി കൈയിൽതന്നു
ഈശ്വരനാരെന്നെൻ ചോദ്യത്തിൽ
ഈശ്വരനെ തെളിച്ചതന്നെൻ ഗുരു
എൻ വിദ്യലയത്തെ മധുരസ്മരണ-
യാക്കും ഗുരുവിൻ ദിനത്തിൽ
അനുഗ്രഹ വചസ്സായി ഗുരുവിൻ മറുപടി
നന്മ പുലർത്തുക നീ എന്നിലും നിന്നിലും
ഏവരിലും പിന്നെയീ
പൂവിലും പാരിലും



# വമ്പൻ സഹാറ

കുറിപ്പ്

മരുഭൂമികളിലെ വമ്പൻ സഹാറയാണ്. ആഫ്രിക്കൻ
വൻകരയുടെ മുപ്പതുശതമാനത്തോളം ഭാഗത്ത്
ഈ മണൽ സമുദ്രം വ്യാപിച്ചുകിടക്കുന്നു. മഹത്തായ മരുഭൂമി എന്നർത്ഥമുള്ള
'അസ്സഹ്റ' എന്ന അറബി വാക്കിൽ നിന്നാണ് സഹാറ എന്ന പേരു ലഭിച്ചത്.
25 ലക്ഷം വർഷങ്ങൾക്കു മുമ്പ് കാലാവസ്ഥയിൽ
പൊടുന്നനെയുണ്ടായ മാറ്റങ്ങളാണ് സഹാറയുടെ പിറവിക്കു
കാരണമായതെന്ന് കരുതപ്പെടുന്നു.
അതിനുമുമ്പ് നദികൾ ഒഴുകിയിരുന്ന ഫലഭൂയിഷ്ഠമായ
മേഖലയായിരുന്നുവത്രേ സഹാറ. അന്നീ മരുഭൂമി
അറിയപ്പെട്ടിരുന്നത് സഹിന പുൽമേട് എന്നായിരുന്നു.
ആഫ്രിക്കൻ രാജ്യങ്ങളായ അൾജീരിയ, ടുണീഷ്യ,
മൊറോക്കോ, മൗറിറ്റാനിയ, മാലി, ലിബിയ, നൈജർ, ചാഡ്, സുഡാൻ,
ഈജിപ്ത് എന്നീ രാജ്യങ്ങളുടെ ഭൂരിഭാഗവും സഹാറയാണ്. അസാധാരണ
വലിപ്പമുള്ള
മണൽക്കുനകൾ പ്രത്യക്ഷപ്പെടുകയും പൊടുന്നനെ അപ്രത്യക്ഷമാവുകയും
ചെയ്യുന്ന സഹാറയിലെ പ്രദേശത്തെ 'എർഗ്സ്'എന്നും പർപ്പിൾ
നിറത്തിലുള്ള
കട്ടികൂടിയ മണ്ണുള്ള പ്രദേശത്തെ റെഗ്സ് എന്നും വിളിക്കുന്നു. പാറക്കെട്ടുകൾ
നിറഞ്ഞ സഹാറൻ പ്രദേശമാണത്രേ ഹമദ്.

# പ്രകൃതി

അജ്ഞന ജിൻസ്

എന്റെ പ്രകൃതി
സുന്ദര പ്രകൃതി
ദൈവത്തിൻ സമ്മാനമാം പ്രകൃതി
എത്ര സുന്ദരം
എത്ര മനോഹരം
എനിക്കേറെ ഇഷ്ടം

എന്റെ പ്രകൃതിയെ
ഇളംകാറ്റ് ഒഴുകിയെത്തുന്ന

എന്റെ സുന്ദര പ്രകൃതിയിൽ
കളകളമൊഴുകും പുഴകളും
മരങ്ങൾ നിറഞ്ഞ കാടുകളും
കാണാനെന്തു രസം
പാറിപ്പറക്കുന്ന പക്ഷികളും
നീലിമയാർന്ന ആകാശവും

അതിൽ മിന്നും താരകളും
മനംകവരും കാഴ്ചകളല്ലോ

സംരക്ഷിക്കാൻ സുന്ദരമീ പ്രകൃതിയെ





**ദീൻദയാൽ സ്പർശ് യോജന സ്കോളർഷിപ്പ് വിജയികൾ**



**കരാട്ടേ പരിശീലനം**

# കലാം മൊഴികൾ



ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവ സവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജ്ജവമാണ്. വിദ്യാർത്ഥികൾ എപ്പോഴും ചോദ്യങ്ങൾ ചോദിക്കണം.

നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്നതിനു മുമ്പ് നിങ്ങൾ സ്വപ്നം കാണുക.

ഇന്നിനെ നമുക്കു ബലിനൽകാം അതുവഴി നമ്മുടെ കുട്ടികൾക്ക് മികച്ച ഭാവിയുണ്ടാകട്ടെ.

സ്വപ്നം കാണുക......
സ്വപ്നം കാണുക......
സ്വപ്നം കാണുക......
സ്വപ്നം ചിന്തകളായി മാറും
ചിന്തകൾ പ്രവർത്തിയിലേക്കു നയിക്കും......

മികവ് ആകസ്മികതയല്ല. അതൊരു തുടർപ്രക്രീയയാണ്.

ഒരിക്കലും തോറ്റുകൊടുക്കരുത് ,ഒരു പ്രശ്നവും നമ്മെ തോൽപ്പിക്കാൻ അനുവദിക്കുകയുമരുത്.


സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണുന്നവയല്ല ; ഉറങ്ങാൻ അനുവദിക്കാത്തവയാണ് സ്വപ്നങ്ങൾ.

ആകാശത്തേക്കു നോക്കൂ.... നമ്മൾ തനിച്ചില്ല. എന്നാൽ സ്വപ്നം കാണുന്നവരോടും
കഠിനാധ്വാനികളോടും മാത്രമെ ഈ പ്രപഞ്ചം സംവദിക്കൂ....

നമ്മുടെ സ്രഷ്ടാവ് , ഈശ്വരൻ നമ്മിലോരോരുത്തരിലും കരുത്ത് , കാര്യപ്രാപ്തി ,
വ്യക്തിത്വം എന്നിവ സംഭരിച്ചിട്ടുണ്ട്. പ്രാർത്ഥന ഇവയോരോന്നും വികസിപ്പിച്ചെടുക്കാൻ
നമ്മെ സഹായിക്കും.

മഹാന്മാരുടെ മഹത്തായ സ്വപ്നങ്ങൾ എപ്പോഴും താഥാർത്ഥ്യമാകും.

**കഠിനാധ്വാനികളെ മാത്രമെ ദൈവം സഹായിക്കൂ.... ഈ തത്വം മറക്കരുത്.**



# കുരുന്ന പ്രത്യാശ

ആൻമേരി സണ്ണി

അങ്ങോട്ടും ഇങ്ങോട്ടും അലഞ്ഞിടുന്ന
ഇന്നത്തെ കൗമാരം ധൃതിയോടെ
എന്തിനോ വേണ്ടി അലഞ്ഞിടുന്ന
എന്തിൽ നിന്നൊക്കെയോ അകന്നിടുന്ന....

അങ്ങുദൂരെ മലമേലെ നിന്ന സൂര്യൻ
ഭൂമി നോക്കി നെടുവീർപ്പിടുന്നു.
വെറ്റിലയിൽ ചുണ്ണാമ്പ് തേക്കുംപോൽ കുഞ്ഞുങ്ങൾ
വാട്സാപ്പിലും ഫേസ്ബുക്കിലും ട്വിറ്ററിലും...

എന്നെങ്കിലും തന്റെ നെഞ്ചോട് ചേരുവാൻ
എത്തുമെന്ന് ഗതം ചെയ്ത് ദേവാലയം
ഫോണിലൂടോടുന്ന മെസേജുകൾക്കിന്ന്
എന്നേക്കാൾ വിലയോ എന്ന് ബൈബിളുമേ

കൂട്ടിനു വന്ന മാലാഖമാരെയവർ
കൂട്ടിലടച്ചു മടങ്ങവേയോ
കൂട്ടിനുവന്ന ലോകസുഖത്തിനു പിന്നാലെ
കൂടെയോടുന്നവർ എന്തിനേവം

കൗമാരം എന്ന മൂന്നക്ഷരത്തിൻ പിന്നിൽ
ഓടുന്നു ബൈബിളും ജപമാലയും
കുഞ്ഞുങ്ങളെ കാത്തിരിക്കുന്നു അങ്ങ്
ദൂരെ ദിക്കിൽ ഒരു ദേവാലയം

നെഞ്ചകം തകരുന്നു, ദേഹം തളരുന്നു
ഇന്നിതാ സ്വർല്ലോകനായകന്

എന്നെങ്കിലും എന്നെ തേടിയെത്തും
എന്ന പ്രത്യാശ മാത്രം ബാക്കിയായി...

കുരിശിൻ ചുവട്ടിൽ തന്നെയവർ
തേടിയെത്തുമെന്ന പ്രത്യാശ മാത്രമായി.
ആ കുഞ്ഞിളം കൈയ്യിൽ തെളിഞ്ഞു മിന്നുന്ന
മൊബൈലോ ഒരു ശത്രുവായി....

കൗമാരം ഒരു കൗതുകമാകുന്നു
കൗതുകം പലതും തകർത്തിടുന്നു
എങ്കിലും മനസ്സിലോടുന്നു
ആ കുരുന്നു പ്രത്യാശ തൻ തിരിവെട്ടം..!

........................................



# N C C Trup



ഗാന്ധി ജയന്തി ആഘോഷം





വായനാവാരാഘോഷം



ക്രിസ്മസ് ആഘോഷം



യോഗാ ഡേ ആചരണം.

# ഞാനാ ബൾബ്..!

സംഗീത്

ഒരു ഒഫീസിലെ ജോലിക്കാരാണ് റോക്കിയും ജോക്കിയും. വളരെ കർക്കശക്കാരനാണ് അവരുടെ ബോസ്. അത്യാവശ്യത്തിനുപോലും ലീവ് അനുവദിക്കില്ല.

ഒരു ദിവസം റോക്കി ജോക്കിയോട് പറഞ്ഞു: "ഞാൻ ഇന്ന് ലീവ് എടുത്ത് സിനിമയ്ക്ക് പോകും നോക്കിക്കോ......"അതും പറഞ്ഞ് റോക്കി മേൽക്കൂരയിൽ കയറി തൂങ്ങിക്കിടന്നു!ബോസ് വന്നപ്പോൾ അതുക്കണ്ട് അമ്പരന്നുപോയി . "എന്താടോ താൻ തൂങ്ങിക്കിടക്കുന്നത്?" "ഞാനൊരു ബൾബാ...ബൾബുകൾ തൂങ്ങിക്കിടക്കുകയല്ലേ പതിവ്..."റോക്കി പറഞ്ഞു. റോക്കിക്ക് എന്തോ ബുദ്ധിഭ്രമം ബാധിച്ചതാണെന്ന് കരുതി ബോസ് വേഗം ലീവ് കൊടുത്തു. റോക്കി വേഗം പോകയും ചെയ്തു. ജോക്കി ഇതൊക്കെ കണ്ടു നിൽക്കുന്നുണ്ടായിരുന്നു. റോക്കിക്കു പിന്നാലെ ജോക്കിയും പോകാൻ തുടങ്ങി. "താനെന്തിനാടോ പോകുന്നത്?" ബോസ് ചോദിച്ചു. ജോക്കി പറഞ്ഞു:

"ബൾബില്ലതെ ഇരുട്ടത്തിരുന്ന് ഞനെങ്ങനെ ജോലി ചെയ്യും, സാറെ?"





# മൂളിപ്പാറും ഈച്ച!

**പാപ്പച്ചൻ കടമക്കുടി**

മൂളിപ്പാറുമൊ-
രീച്ചയിതാ, എൻ
മൂക്കിൻ തുമ്പിലിരുന്നു!
മൂക്കിൻ തുമ്പിലെ
കോപം മുഴവൻ
മൂളുമൊരീച്ച തുറന്നു!
മൂക്കിന ഞാനൊരു
വീക്കുകൊടുത്തു,
മൂക്കു ചതഞ്ഞുപരന്നു!
മൂളിപ്പാറും
വിരുതൻ മറ്റൊരു
മൂക്കും തേടിയകന്നു!





# അത്യാഗ്രഹം ആപത്ത്

ജോസ് പയസ്

പണ്ടൊരിക്കൽ ഒരു കാട്ടിൽ ഒരു പൂമ്പാറ്റയും ഒരു തേനീച്ചയും ഉണ്ടായിരുന്നു . അവർ രണ്ടുപേരും ഉറ്റചങ്ങാതിമാരായിരുന്നു . പക്ഷേ പൂമ്പാറ്റ കുസൃതിയായിരുന്നു . എന്താണെന്നോ , തേനീച്ച രാവിലെയും വൈകുന്നേരവും അധ്വാനിച്ചുണ്ടാക്കുന്ന ഭക്ഷണം ഒരു തുള്ളിപോലും പൂമ്പാറ്റയ്ക്ക് കൊടുക്കില്ല . കൂട്ടുകാരേ സ്വയം  അധ്വാനിച്ചുണ്ടാക്കുന്ന ഭക്ഷണം മറ്റുള്ളവർക്ക് കൊടുക്കണോ വേണ്ട, പൂമ്പാറ്റയാണെങ്കിലോ മടിച്ചിയും ഒന്നും തന്നെക്കൊണ്ടാവില്ല മറ്റുള്ളവർ ഉണ്ടാക്കി തരട്ടെ എന്നൊരഭിപ്രായക്കാരിയുമായിരുന്നു . ഒരു ദിവസം പൂമ്പാറ്റ ഓർത്തു . ഇവൾ അങ്ങനെതിന്നണ്ട . അവൾ എല്ലാ പൂക്കളിലും പശ തേച്ചുവച്ചു . പക്ഷേ തേനീച്ച വേറെയിടത്തിലെ പൂന്തോട്ടത്തിൽ നിന്നാണ് തേൻ ശേഖരിച്ചത് . മണ്ടിയായ  പൂമ്പാറ്റ തനിക്കു വിശന്നപ്പോൾ അവൾ കാട്ടിലേക്കോടി തേൻ ശേഖരിക്കാൻ തുടങ്ങി . പകുതിയായപ്പോൾ അവൾക്ക് ഒരു രുചിവ്യത്യാസം അനുഭവപ്പെട്ടു . അവൾ പറക്കാൻ ശ്രമിച്ചു . അവൾക്ക് സാധിക്കുന്നില്ല . അവൾ നിലവിളിച്ചു . ആരും കേട്ടില്ല . പിന്നെ അവൾ അവിടെ ഇരുന്നുതന്നെ ചത്തു .

# പ്രാർത്ഥന മഞ്ഞുരുക്കും

ജോയൽ ജോസഫ്



**ആ**കയാൽ ദൈവഭക്തൻ ആപത്തിൽ അവിടുത്തോടു പ്രാർത്ഥിക്കട്ടെ . കഷ്ടത കരകവിഞ്ഞൊഴുകിയാലും അത് അവരെ സമീപിക്കുകയില്ല . പ്രസിദ്ധ വചന പ്രഘോഷകനായിരുന്ന ജോർജ് മുള്ളറുടെ ജീവിതത്തിലെ ഒരു സംഭവം .

ഒരിക്കൽ മുള്ളർ കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു . മൂടൽമഞ്ഞും ഹിമപാളിയും മൂലം കപ്പൽ ഒരിഞ്ചു പോലും മുന്നോട്ട് നീക്കാൻ വയ്യാത്ത അവസ്ഥയായി . മുകൾത്തട്ടിൽ സ്വയം ശപിച്ച് സമയം കളയുകയായിരുന്നു ക്യാപ്ടൻ . ഈ സമയം മുള്ളർ അവിടേക്ക് വന്നു .

“സാർ . . . നാളെ എനിക്ക് ക്യൂബക്കിൽ എത്തണം . വളരെ അത്യാവശ്യമാണ് . ”

ക്യാപ്റ്റനു പെട്ടെന്നു ദേഷ്യവും സങ്കടവും വന്നു .

കപ്പൽ ഒരിഞ്ചുപോലും മുന്നോട്ട് നീങ്ങാൻ വയ്യാത്ത സ്ഥിതിയിലാണ് . പിന്നെങ്ങനെ ഒരു ദിനം പിന്നിട്ട് നാളെ ക്യൂബക്കിൽ എത്തും ? എങ്കിലും സ്വയം നിയന്ത്രിച്ച് ക്യാപ്റ്റൻ പറഞ്ഞു ,

“മിസ്റ്റർ മുള്ളർ . . . നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ . ഒന്നാമത് പരിസ്ഥിതി തന്നെ മോശം . ഹിമപാളികൾ മൂന്നുദിവസം കഴിയാതെ ഇനി മാറുമെന്നു തോന്നുന്നില്ല ".

എന്നിട്ടും മുള്ളറിന്റെ മുഖത്ത് അൽപ്പംപോലും അസ്വസ്ഥത പടർന്നില്ല . അയാൾ പറഞ്ഞു ,

“സത്യത്തിൽ നിങ്ങളല്ലല്ലോ ഈ കപ്പൽ ഓടിക്കുന്നത് . യഥാർത്ഥ ക്യാപ്റ്റനോ ഞാനൊന്നു ചോദിച്ചു നോക്കട്ടെ . താങ്കളും വരണം . . . ”

മുള്ളർ കപ്പലിലെ പ്രാർത്ഥനാ മുറിയിലേക്കാണ പോയത് . ഒരു ഭ്രാന്തന്റെ ജൽപ്പനങ്ങളായാണ് ക്യാപ്റ്റൻ ആ വാക്കുകളെ കണക്കുകൂട്ടിയത്. എങ്കിലും മുള്ളർ കപ്പലിലെ ബഹുമാന്യ അതിഥിയായതുകൊണ്ട് ക്യാപ്റ്റൻ മനസില്ലാമനസോടെ അയാളെ അനുധാവനം ചെയ്തു . പ്രാഥനാ മുറിയിലെ യേശുവിന്റെ ചിത്രത്തിന് മുന്നിൽ കൈകൾ വിരിച്ച് നിൽക്കുകയാണ് മുള്ളർ . കണ്ണുകൾ അടഞ്ഞിരിക്കുന്നു . മുഖത്ത് അസാധാരണമായ ശോഭയുണ്ട് . പ്രാർത്ഥനയിൽ നിന്നുണർന്ന അദ്ദേഹം ക്യാപ്റ്റനെ കണ്ടു . അയാൾ മുള്ളറെ ത്രിപ്തിപ്പെടുത്താൻ പ്രാർത്ഥിക്കുന്നതു പോലെ നടിച്ചു .

“എണീൽക്കു . . . ക്യാപ്റ്റൻ . . . എന്റെ ജീവിത നൗകയുടെ ക്യാപ്റ്റൻ പച്ച സിഗ്നൽ നല്കി .വാതിൽ തുറന്നാൽ താങ്കൾക്ക് ആ മഹാത്ഭുതം നേരിൽ ക്കാണാം . . .”

മുള്ളറിന്റെ വാക്കുകൾ കേട്ട് അലസതയോടെ വാതിൽ തുറന്ന ക്യാപ്റ്റൻ ഞെട്ടിത്തരിച്ചു പോയി . മൂടൽമഞ്ഞും ഹിമപാളിയും അപ്രത്യക്ഷമായിരുന്നു . ആകാശത്ത് സൂര്യന്റെ മങ്ങിയ വെളിച്ചം . . . മിഴിച്ച കണ്ണുകളോടെ അയാൾ മുള്ളറെ ഉറ്റുനോക്കി . അപ്പോൾ വീണ്ടും മുള്ളർ പ്രാർത്ഥിക്കുകയായിരുന്നു . ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറഞ്ഞുകൊണ്ട് .



# ഇലഞ്ഞിമരച്ചുവട്ടിൽ

ബാബു പേണ്ടാനം

ഇലഞ്ഞിവൃക്ഷമേ പ്രണ്ജലി! കനത്ത
വേനലിൽ മർത്ത്യന തണലായിടും
പാതയോരത്തു ബസ് സ്റ്റോപ്പിലെ നിൻ
പച്ചിലക്കുടക്കീഴിൽ നിൽക്കുന്നു ഞാൻ.



ഒഴുകിടുന്നു സ്വേദകണങ്ങളീ
പഥികമേനികളിലെങ്കിലും
നീ തരുമീ കുളിർച്ഛായയോർത്താൽ
'മരമൊരു വര'മതത്രേ സത്യം

ഒറ്റച്ചുവട്ടിൽ നിന്നു മുളപൊട്ടി
രണ്ടായ് പിരിഞ്ഞൊന്നിച്ചു വളർന്നീടും
മർത്ത്യനും പ്രകൃതിയുമൊന്നെന്ന
സത്യം പ്രഘോഷിക്കയാണു നീ

തലയാർന്ന കിളിർപ്പത്രയും
വെട്ടിമാറ്റുന്നു വൈദ്യുതികാർ
എങ്കിലും നീളുമാ കരങ്ങളാലേ
തണലേകുന്നിവർക്കു നിരാകുലം!

വണ്ടി കാത്തിരിക്കും പഥികർ
നന്ദിയേകുന്നില്ലെന്നിരിക്കിലും
ചുട്ടുപൊള്ളുന്ന വേനൽ സഹിച്ചു
നിൻ കടമയേറ്റുന്നനുദിനം

ഓമൽച്ചില്ലകൾ തോറും ചെറു

സൂനങ്ങളുണ്ടതിൻ സുഗന്ധം
ദിക്കാകെ പരക്കുന്ന പട്ടണത്തിൽ
ചീത്തഗന്ധമകറ്റീടുവാൻ!

പതംഗങ്ങളെത്തുന്ന മർഗ്ഗമദ്ധ്യേ
കൂട്ടിൽക്കിടക്കും കിടാങ്ങൾക്ക
തേൻകനി കൊത്തിപ്പറക്കയായ്
കൂടാർന്ന ദിക്കുകൾ ലക്ഷ്യമായ്.

മുമ്പൊരിക്കലൊരിടവപ്പാതിയിൽ
കിനിയും മാരിയിൽ ഛത്രമില്ലായ്കയാൽ
നിബിഡമാം നിൻ ചോലയിലഭയം
പൂണ്ടേനിന്നുമോർമ്മിച്ചിടുന്നു ഞാൻ

വണ്ടിയെത്തുന്നില്ല; വരേണ്ട
ഒട്ടുനേരം ഞാനീ തണലൊ-
ന്നസ്വദിക്കട്ടെ പ്രാണശക്തിയാലെൻ
അന്തഃരംഗം പോഷകമാർന്നിടട്ടെ.

മാമുനിയല്ല ഞാനെന്നാകിലും
മാമകാനുഗ്രഹമേകിടട്ടെ
സഹസ്രാബ്ദങ്ങൾ ഭ്രംശം വിന നിന-
ക്കായുസ്സേകീടട്ടെ തമ്പുരാൻ!



# കുരങ്ങന്റെ കോപം

വർഗ്ഗീസ് പോൾ



തണുപ്പ് സഹിക്കവയ്യാതായി . മഴ നനയാതിരിക്കാൻ ഒരു മരച്ചുവട്ടിൽ ചെന്നിരുന്നു .
കുരങ്ങച്ചൻ മരത്തിനു മുകളിലേക്കു നോക്കി .
അതാ ഒരു കുരുവിക്കൂട്ടിൽ കുരുവിയും കുഞ്ഞുങ്ങളും മഴ നനയാതെ സുഖമായി ഇരിക്കുന്നു .
“കുരങ്ങച്ചാരെ നീ മനുഷ്യനെ കണ്ടുപഠിക്ക് . . .
അവരെപ്പോലെ നീയും നല്ലൊരു വീടു വയ്ക്ക്" കുരുവി പറഞ്ഞു .
“എന്തു ചെയ്യാനാ ഞങ്ങളെ കണ്ടാൽ മനുഷ്യരെപ്പോലാണെങ്കിലും ദൈവം മനുഷ്യനു കൊടുത്ത ബുദ്ധി ഞങ്ങൾക്കില്ലല്ലൊ" കുരങ്ങച്ചൻ പറഞ്ഞു .
“ഏയ് അതൊന്നുമല്ല കാര്യം . . . നീയൊരു മടിയനാ . . . വെറുതെ ഓടിനടന്ന് , തിന്നു മദിച്ച് രസിച്ചു നടന്നാൽ എങ്ങനെ വീടുണ്ടാക്കും . . . ? നിന്നെപ്പോലുള്ള മണ്ടന്മാർക്ക് ഇതേ പറ്റൂ . . . അനുഭവിച്ചോ . . . അല്ലെങ്കിൽ നീ എന്നെ കണ്ടുപഠിക്ക് "
കുരങ്ങന് കലി കയറി . അവൻ മരത്തിന്റെ മുകളിലേക്കു ചാടിക്കയറി.
അതുകണ്ടു കുരുവിയും കുഞ്ഞുങ്ങളും ജീവനുംകൊണ്ടു പറന്നുപോയി .
കുരങ്ങച്ചൻ കുരുവിയുടെ കൂടു തല്ലിത്തകർത്ത് വലിച്ചെറിഞ്ഞു .
കുരുവിയും മക്കളും മറ്റൊരു മരക്കൊമ്പിൽ നനഞ്ഞൊലിച്ചു കഴിയേണ്ടി വന്നു .
അനാവശ്യമായി അസമയത്ത് ഉപദേശം നൽകിയതിൽ കുരുവി സ്വയം ദുഃഖിച്ചു .



# കമ്പ്യൂട്ടർ പരിശീലനം നേടുന്ന അമ്മമാർ





# ലിറ്റിൽ കൈറ്റ്സ് പരിശീലന ക്ളാസ്സ്





# സ്ത്രീ പദവിയും വർത്തമാനകാല സാഹചര്യവും

ജെ. മേഴ്സിക്കുട്ടിയമ്മ

രാജ്യത്ത് തൊഴിലെടുക്കുന്നവർക്കും ജനാധിപത്യവിശ്വസികൾക്കാകെയും കടുത്ത വെല്ലുവിളിയുടെ ഒരന്തരീക്ഷമാണ് നിലവിലുള്ളത്.
നമ്മുടെ ഭരണഘടന പോലും കടുത്ത വെല്ലുവിളി നേരിടുന്നു. രാജ്യം നേരിടുന്ന വെല്ലുവിളിയെ അതിജീവിക്കാൻ പച്ച തുരുത്തായി രാജ്യത്തിന്റെ മുന്നിലുള്ള നാടാണ് കേരളം.എങ്ങനെയാണീ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറേണ്ടത് എന്ന ചോദ്യത്തിന് കൃത്യമായി ഉത്തരം നൽകി മുന്നോട്ട് പോകാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ. ഈ പശ്ചാതലത്തിൽ സ്ത്രീസമൂഹം എങ്ങനെയാണ് ഇടപേടേണ്ടത് എന്നത് ഏറെ പ്രാധാന്യമുള്ളതാണ്.ചരിത്രം ഏറ്റവും വലിയ ഗുരുവാണ്. ഇത് ഭരണാധികാരികൾ തങ്ങളുടെ താൽപര്യത്തിനനുസരിച്ച് തിരുത്തി എഴുതാൻ ആസൂത്രിതശ്രമം നടത്തുകയാണ്. കേരളവും ഭാരതവും ഒട്ടേറെ വെല്ലുവിളികളെ അതിജീവിച്ച് തന്നെയാണ് ഇന്നത്തെ നിലയിൽ എത്തിയത്. കേരളം ജന്മി ഭൂപ്രഭു വാഴ്ചയിൽ നിന്നാണ് മുന്നേറിയത്. ജന്മിത്തം,ജാതിവ്യവസ്ഥയിൽ അടിയുറച്ചതായിരുന്നു. യൂറോപ്യൻ രാജ്യങ്ങളിലും മറ്റും അടിമ ഉടമ വ്യവസ്ഥയെ തകർത്തുകൊണ്ടാണ് മുതലാളിത്ത വ്യവസ്ഥയിലേക്ക് കടന്നുവന്നത്. ഇവിടെ ഫ്യൂഡൽ സംവിധാനം പൂർണ്ണമായും തകർത്തുകൊണ്ടല്ല, മുതലാളിത്തവികസന പ്രക്രിയിലേക്ക് നമ്മൾകടന്നുവരുന്നത്. മുതലാളിത്തവുമല്ല ഫ്യൂഡലിസവുമല്ലാത്ത ഒരു

അവിയൽ രൂപം. ഫ്യൂഡൽ ശക്തികൾക്ക് ആധിപത്യം ചെലുത്താൻ കഴിയുന്ന വളക്കൂറുള്ള മണ്ണായി ഇന്നും നമ്മുടെ സാമൂഹ്യ ചുറ്റുപ്പാട് നിലനിൽക്കുകയാണ്.

ഫ്യൂഡൽ സമൂഹത്തിലെ സ്ത്രീയുടെ പദവി എന്തായിരുന്നെന്ന എന്ന് നമുക്കറിയാം. അവർണ്ണ സവർണ്ണ വ്യത്യാസമില്ലാതെ സ്ത്രീ എപ്പോഴും അടിമത്തത്തിന്റെ അല്ലെങ്കിൽ കീഴാള പദവിയിൽ തന്നെയാണ് നിൽക്കുന്നത്. ദളിത് സമൂഹം മുതൽ ബ്രാഹ്മണ സമൂഹം വരെ അങ്ങനെ തന്നെയാണ് .

പാർവ്വതീ നെൻമേനിമംഗലം തിരുക്കൊച്ചിസഭയിൽ സ്ത്രീയുടെ മുന്നേറ്റവുമായി ബന്ധപ്പെട്ടൊരു നിയമനിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി ക്ഷണിതാവായി പോകുന്നു. അവരവിടെ ചരിത്ര പ്രസിദ്ധമായ ഒരു പ്രസംഗം നടത്തി. ആ പ്രസംഗത്തിൽ അക്കാലത്തെ ബ്രാഹ്മണ സ്ത്രീകളുടെ അവസ്ഥ വിശദീകരിക്കുന്നുണ്ട്. വേളി മൂത്തനമ്പൂതിരിക്ക് മാത്രം. ബാക്കിയുള്ളവർക്ക് സംബന്ധം നായർ കുടുംബത്തിൽ നിന്നാണ്. അതിലുണ്ടാകുന്ന കുട്ടികൾക്ക് അച്ഛൻ എന്ന് വിളിക്കാൻ സ്വാതന്ത്ര്യമില്ല. അച്ഛന്റെ സ്വത്തിന് അവകാശമില്ല. മന്നത്ത് പത്മനാഭൻ ആദ്യമായി സാമൂഹ്യപരിഷ്ക്കരണത്തിൽ ഇടപെടുന്നത് ഈ വിവേചനത്തിന് എതിരായാണ്. അച്ഛനെന്ന് വിളിക്കാനുള്ള സ്വാതന്ത്ര്യം വേണം എന്നദ്ദേഹം പറഞ്ഞു. ഒന്ന് തൊടാൻ സ്വാതന്ത്ര്യം വേണം. അച്ഛന്റെ സ്വത്തിൽ അവകാശം വേണം. അന്ന് ഹൈക്കോടതിയിൽ കേസ് കൊടുത്ത ആളാണ് അദ്ദേഹം. അക്കാലത്തെ നിയമസംവിധാനം അനുസരിച്ച് ആ കേസ് തള്ളപ്പെട്ടു.

ഒ.ചന്ദുമേനോന്റെ 'ഇന്ദുലേഖ' സൂരിനമ്പൂതിരിപ്പാടിന്റെ മ്ലേഛമായ സമീപനം ഓർമ്മപ്പെടുത്തുന്നു. മാധവന്റെ ഇന്ദുലേഖയോടുള്ള പ്രണയം അന്നത്തെ കാലത്തെ വിപ്ലവകരമായ നിലപാടാണ്. അത് അന്നത്തെ കാലഘട്ടത്തിൽ നമ്പൂതിരി സമുദായത്തിന് പുരോഗമന ചിന്താഗതിക്കാർക്ക് വലിയ ഊർജ്ജം നൽകിയതാണ്.

# 'മീശക്കാരൻ കേശവൻ'

-'ചങ്ങമ്പുഴ പ്രഫുല്ലചന്ദ്രൻ'

'മീശക്കാരൻ കേശവൻ,
കീശക്കാരൻ കേശവൻ,
കല്ലിലിട്ട ദോശ കണ്ട്
കൊതിപിടിച്ച കേശവൻ,
ആശക്കാരൻ കേശവൻ,
കീശതപ്പി നോക്കവേ
കാലിയായ കീശ കണ്ട്
കലിപിടിച്ച കേശവൻ!
തട്ടിലിട്ട ദോശ നോക്കി
കൊതിയടക്കി കേശവൻ!!'



# വലിയ പൂക്കളുമായി കാനച്ചെടികൾ

മാത്യൂസ് ആർപ്പൂക്കര

പൂവുകൾക്കു പുണ്യകാലം. കാട്ടുപോലെ വളർന്നു മുമ്പൊക്കെ ശല്യമായി തോന്നിയിരുന്ന ഒരിനം ചെടിയാണ്കാനച്ചെടികൾ. ഇന്നിപ്പോൾ ഈ ചെടികൾ ഉദ്യാനസസ്യമായി മികവോടെ വിരാജിക്കുന്ന വർണകാഴ്ച! കാനവാഴ എന്നും ഇതിനു വിളിപെരുണ്ട്. ഇഞ്ചിയും വാഴയുമൊക്കെ ഉൾപ്പെടുന്ന സസ്യകുടുംബത്തിലെ അംഗമാണീ അലങ്കാരച്ചെടി.

വാഴയുടെ ഇലകളോടു വളരെ സാമ്യമുള്ളതാണു കാനച്ചെടിയുടെ ഇലകൾ. വാഴക്കൂമ്പ് വിടർന്ന മാതിരി അത്യാകർഷകമായ വലിയ പൂക്കളാണ്. ചുവപ്പ്, വെള്ള, മഞ്ഞ, ഓറഞ്ച് നിറങ്ങളിൽ പൂക്കൾ കണ്ടുവരുന്നു. പരമാവധി രണ്ടു മീറ്റർ പൊക്കംവയ്ക്കുന്ന കാനച്ചെടിയുടെ ജന്മദേശം തെക്കെ അമേരിക്കയാണെന്നു കരുതപ്പെടുന്നു. എന്നാൽ അതിലേറെ പൊക്കം കൂടിയ ഇനങ്ങൾ ഇക്കാലത്തു വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഫ്രഞ്ചുകാനകൾ എന്നാണവ അറിയപ്പെടുക. ശാസ്ത്രനാമം Canna Indica എന്നാണ്.





# അനന്തമഹിമാവീശൻ


വി. പി.ജോൺസ്

അനന്തമഹിമാവാകും
ആത്മേശാ ജഗന്നിയന്താവേ
അചിരേണയവിടം സവിധം
അണയാനാശിപ്പൂ ഞാൻ
അതിനായാശിസ്സേകണേ
അഖിലത്തിന്നുമുടയോനേ
ഒഴുകിയോടും അരുവികൾ
തഴുകിത്തലോടും തെന്നൽ
മലിനമാകാ മനസ്സുമായ്
മധുനുകരും ഭ്രമരങ്ങൾ
മലരുകൾക്കേന്നുമാനന്ദം
മധുരം താവകസൃഷ്ടികൾ
മുറതെറ്റാതെപെയ്യും മഴ
മുറയായെത്തും ഋതുക്കളും
തളിരിട്ടുനിൽക്കും സസ്യജാലം
തവഗീതം ആലപിക്കയാം
ആകാശത്തിൻ കീഴെയോ
അരുമയോടാർക്കുന്ന പറവകൾ
അവിട്ടുത്തെ പവിത്രനാമമേ
അവയോതിടും സങ്കീർത്തനം
പ്രാണോർജ്ജമേകും വായു
പ്രഭാമണ്ഡലം ഉരുവും വെയിൽ
വെട്ടിത്തിളങ്ങിടും വ്യോമം

വെടിപ്പൂറ്റ ഹൃത്തുപോലവേ
സൂര്യചന്ദ്രനമുഡുക്കളും
സർവ്വശോഭാലംകൃതം
കണ്ണീരകന്ന ള്ളമന്ദഹാസം
കദനാനന്തരമാനന്ദം
രോഗശമനാനന്തരമാരോഗ്യം
പതനാനന്തരമഭ്യുന്നതി
സർവ്വമേകുന്ന സർവ്വേശൻ,
സർവ്വാഭീഷ്ടം സർവ്വർക്കുമേ
കൺമിഴിച്ചൊന്നു കാണുവിൻ
കാരുണ്യവാൻ നമ്മെ കൺപാർപ്പതു
സുഗന്ധപൂരിതമാം തിരുമൊഴി
സ്നേഹദൂതിന്റെ സന്ദേശമാം
നന്മയൂറും ദിവ്യനേത്രങ്ങൾ
നമ്മെയെല്ലാമുറ്റുനോക്കവേ
നീറിടും മാനസങ്ങളിൽ
നിറസ്നേഹസാന്ത്വനമായി വാ
നനവായെൻ ശരണാഗതാ
നിറവോടെ പ്രാർത്ഥിപ്പൂ ഞാൻ
നിൻചരണം കുമ്പിടുന്നു ഞാൻ.

# ചാച്ചാജിയും റോസാപ്പൂവും

സംഭവകഥ



ഒരിക്കൽ ചാച്ചാജി തന്റെ താമസസ്ഥലത്തുനിന്ന്
പുറത്തേക്കിറങ്ങുകയായിരുന്നു. ആ സമയത്താണ്
ഒരു ചുവന്ന റോസാപ്പൂവുമായി ഒരു സ്ത്രീ
ഒടിയെത്തിയത്.
സ്ത്രീ സന്തോഷപൂർവം അത് അദ്ദേഹത്തിനു
നൽകാൻ
ശ്രമിച്ചു. അപ്പോൾ കാവൽക്കാരൻ ആ സ്ത്രീയെ
തടഞ്ഞു.
ഉം വേഗം പോയ്ക്കോ. അദ്ദേഹത്തിന് പൂവ്
കൊടുക്കാനൊന്നും നിൽക്കണ്ട.
ആ പാവം സ്ത്രീ നിറഞ്ഞ കണ്ണുകളോടെ അവിടെ
നിന്ന്
നടന്നകന്നു. അവർക്ക് നൽകാൻ കഴിയുന്ന ഏറ്റവും
വിലയേറിയ സമ്മാനമായിരുന്നു അത്. നൽകാൻ
കഴിയാത്തതിനാൽ അവരുടെ മനസ്സ് വല്ലാതെ നീറി.
ചാച്ചാജി ഈ സംഭവം അറിഞ്ഞതേയില്ല.
പാവപ്പെട്ടവളാണെങ്കിലും ആ സ്ത്രീ വല്ലാത്ത വാശിക്കാരിയായിരുന്നു. അവർ
എന്നും രാവിലെ ഒരു റോസാപ്പൂവുമായി ചാച്ചാജിയുടെ പടിക്കൽ വന്ന്
കാത്തുനിൽക്കാൻ തുടങ്ങി.

ദിവസങ്ങൾ പലതും കടന്നുപോയി. പക്ഷെ ചാച്ചാജിക്ക് റോസാപ്പൂ
സമ്മാനിക്കാനുള്ള ഒരവസരവും അവർക്ക്
കൈവന്നില്ല. എങ്കിലും നിരാശയാകാതെ ആ സ്ത്രീ പൂവുമായി
നിത്യവും അവിടെ വന്നു കൊണ്ടിരുന്നു.


ഒരിക്കൽ ഒട്ടും പ്രതീക്ഷിച്ചിരിക്കാതെ ചാച്ചാജി ആ സ്ത്രീയെ കണ്ടു. അവരെ
അകത്തേക്ക് കടത്തിവിടാൻ അദ്ദേഹം അംഗരക്ഷകർക്ക് നിർദ്ദേശം നൽകി.

നിറഞ്ഞ സ്നേഹത്തോടും ആദരവോടും കൂടി അവർ
ചാച്ചാജിയ്ക്ക് പൂവ് സമ്മാനിച്ചു.
ഇത് അങ്ങേയ്ക്കു തരാൻ വളരെ ദിവസങ്ങളായി ഞാൻ
ശ്രമിക്കുന്നു. പക്ഷേ ഇവർ എന്നെ കടത്തിവിട്ടില്ല.-അവർ
അറിച്ചു.

ഓഹോ അങ്ങനെയാണോ?

ചാച്ചാജി വളരെ താല്പര്യപൂർവ്വം റോസാപ്പൂവ് തന്റെ കോട്ടിന്റെ ബട്ടൺ
ഹോളിൽ ഭംഗിയായി കുത്തിവച്ചു.
അവരെ തന്റെ അടുത്തേയ്ക്ക് കടത്തിവിടാതിരുന്ന അംഗരക്ഷകനെ അദ്ദേഹം
കണകണക്കിന് ശാസിക്കുകയും
ചെയ്തു. അന്നു വൈകുന്നേരം ഔദ്യോഗിക കാര്യങ്ങളെല്ലാം കഴിഞ്ഞ് വിട്ടിൽ
തിരിച്ചെത്തിയപ്പോഴും ചാച്ചാജിയുടെ കോട്ടിന്മേൽ ആ റോസാപൂവ്
അതേപ്പടി ഉണ്ടായിരുന്നു.
ഈ കാഴ്ച ചാച്ചാജിയുടെ തോട്ടം സൂക്ഷിപ്പുകാരൻ കാണാനിടയായി.
റോസാപ്പൂവ് കോട്ടിലണിയുന്നത് ചാച്ചാജിക്ക് ഇഷ്ടമാണെന്ന് അയാൾ
മനസ്സിലാക്കി.
പിറ്റേന്നു മുതൽ ഓരോ റോസാപ്പൂവ് എത്തിച്ചു കൊടുക്കാൻ തുടങ്ങി. അങ്ങനെ
ഈ പൂച്ചൂടൽ അദ്ദേഹത്തിന്റെ ഒരു പതിവായി മാറി. പിന്നെ മരണം വരെ
അതു തുടർന്നു.
ഏന്താ ചാച്ചാജിയുടെ റോസാപ്പൂവുമായുള്ള ബന്ധം ഇപ്പോൾ
മനസ്സിലായില്ലേ?

# അമ്മിണിക്കുട്ടിയും അമ്മച്ചിപ്ലാവും



ചിന്നു എസ്

പറമ്പിലെ പൂക്കളോടും കിളികളോടും എന്തോരഹസ്യം പറഞ്ഞ് നടക്കുകയാണ്,അമ്മിണിക്കുട്ടി. എന്തായിരിക്കും? അമ്മച്ചിപ്ലാവ് ഓർത്തു.
ഇച്ചിരിനേരംകഴിഞ്ഞപ്പോൾ അമ്മിണിക്കുട്ടി ഓടി വന്ന് അമ്മച്ചിപ്ലാവിനെ ചാരിയിരുന്നു.
"കൊച്ചാകെ തളർന്നുപോയോ?"പ്ലാവ് സ്നേഹത്തോടെ ചോദിച്ചു.
"ഏയ് ഇല്ല. അമ്മച്ചിയോടു കൊറേ സ്നേഹമുള്ളോണ്ടാ ഞാൻ വന്ന് ചാരിയിരുന്നേ. പിന്നെ ഒരു രഹസ്യം പറയാനുണ്ട്"
"അതെന്താണ് അത്ര വല്യ രഹസ്യം?" പ്ലാവ് ചോദിച്ചു
"എന്റെ മിച്ചുപ്പാവയില്ലേ, അവനു പുസതകം വായിക്കാനറിയാം അമ്മിണിക്കുട്ടി അതിശയത്തോടെ പറഞ്ഞു.
പൊളി പറയാതെ അമ്മിണി. മിച്ചു ഒരു തുണിപ്പാവയല്ലേ. അതെങ്ങനെയാണ് വായിക്കുക? അമ്മച്ചിക്ക് സംശയമായി.
ചില ദിവസം സ്കൂളിൽ പോകുന്നതിനു മുന്നേ മിച്ചൂന് ഞാൻ പുസ്തകം നോക്കി കഥ പറഞ്ഞു കൊടുക്കാറുണ്ട്. പോകുമ്പോ പുസതകം മിച്ചൂന്റെ മുന്നിൽ വച്ചിട്ട് പോകും. തിരികെ വരുമ്പോ നിർത്തിയിടത്തുന്ന് വീണ്ടും വായിക്കാല്ലോ. മിച്ചൂന്ന് വേണേൽ പടങ്ങളൊക്കെ കാണേം ചെയ്യാം. അമ്മിണി പറഞ്ഞു.
എന്നിട്ടിപ്പൊ എന്തുണ്ടായി? അമ്മച്ചിക്കാകെ ആകാംക്ഷയായി.

ഇന്നലെ വൈകുന്നേരം നോക്കുമ്പൊ ഞാൻ വച്ചിട്ടുപോയ പേജും കഴിഞ്ഞ്കൊറേ പേജ് മറിഞ്ഞിരിക്കുന്നു. മിച്ചു വായിച്ചതാ!
ചില കഥകളിലൊക്കെ മിച്ചു നല്ല ഭംഗിയായി അടിവരയിട്ടിട്ടുണ്ട്. അതൊക്കെ മിച്ചൂന്ന് ഇഷ്ടപ്പെട്ട ഭാഗങ്ങളായിരിക്കും. അല്ലേ അമ്മച്ചീ? നിഷ്കളങ്കമായ മുഖത്തോടെ അമ്മിണിക്കുട്ടി അമ്മച്ചിയെ നോക്കി. അമ്മിണിയുടെ അമ്മയുടേയോ അച്ഛന്റെയോ കുസൃതി ഓർത്ത് അമ്മച്ചിപ്ലാവിന് ഉള്ളിൽ ചിരിവന്നു. അത് പുറത്തുകാണിക്കാതെ അമ്മച്ചി പറഞ്ഞു, ഇനി നമ്മുക്ക് മിച്ചൂനെ എഴുത്തും വായനയും പഠിപ്പിക്കണം. അങ്ങനെ എല്ലാവരും പഠിക്കട്ടെ. ഇത് അതിനൊരു തുടക്കമാവട്ടെ.



# എന്തൊരു കാഴ്ച

**അനന്ത്**

വലിയ പേടിത്തൊണ്ടനാണ് ജോക്കു. ഒരിക്കൽ ജോക്കുവിന് വിമാനയാത്ര ചേയ്യേണ്ട അവസരം വന്നു. ഒഴിവാക്കാൻ എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ല. ഒരിക്കൽ പേടിച്ച് പേടിച്ച് ജോക്കു വിമാനത്തിൽ കയറി. കുറച്ചു കഴിഞ്ഞതും അതാ, വലിയൊരു ശബ്ദം. വിമാനത്തിന്റെ എൻജിനുകൾ സ്റ്റാർട്ടായതാണ്. പേടിച്ചു വിറച്ച ജോക്കു കണ്ണുകൾ ഇറുകെയടച്ച് സീറ്റിൽ മുറുകെപിടിച്ചിരുന്നു.

പേടി മാറ്റാനായി ജോക്കു ഒന്നു മുതൽ എണ്ണാൻ തുടങ്ങി. നൂറായപ്പോൾ കണ്ണു തുറന്ന് അയാൾ പുത്തേക്ക് നോക്കി.

അദ്ഭുതത്തോടെ ജോക്കു അടുത്തിരിക്കുന്നയാളോടു പറഞ്ഞു:

ഹോ! താഴെ ആ മനുഷ്യരെ കണ്ടോ? കുഞ്ഞ് ഉറുമ്പുകളെപ്പോലെ! കണ്ടിട്ട് എന്റെ കാലുകൾ വിറയ്ക്കുന്നു!

അപ്പോൾ അടുത്തിരുന്നയാൾ പറഞ്ഞു. എടോ അത് ശരിക്കും ഉറുമ്പുകൾ തന്നെയാ. വിമാനം നിലത്തുനിന്നു അനങ്ങിയിട്ടില്ല...

# ചെണ്ടുമല്ലി എന്ന കീടസംഹാരി



നാട്ടറിവ്

മാരിഗോൾഡ് എന്ന് ഇംഗ്ളീഷിൽ അറിയപ്പെടുന്ന ഈ വാർഷിക പൂച്ചെടി നമ്മുടെ കാലാവസ്ഥയിൽ
മഴക്കാലം കഴിഞ്ഞാൽ ഉദ്യാനനത്തിൽ പൂത്തടം തയ്യാറാക്കാൻ ഉപയോഗിച്ചുവരുന്നു. ജമന്തിയുടെ മഞ്ഞയും
ഓറഞ്ചും നിറമുള്ള പൂക്കൾ കോർത്തുണ്ടാക്കിയ മാല അലങ്കാരത്തിനും പൂജാതികമ്മങ്ങൾക്കും ധാരാളമായി ഉപയോഗിച്ചുവരുന്നു . വീടിനോടുചേന്ന് നന്നായി വെയിലുള്ളിടത്ത് ജമന്തിച്ചെടിയുടെ പൂത്തടം ഒരിക്കിയാൽ ഉദ്യാനത്തിന്റെ അഴക് വർദ്ധിക്കും . മാത്രമല്ല വീടും പരിസരവും കൊതുകുൾപ്പെടെയുള്ള പ്രാണികളിൽനിന്നും മുക്തമാകുകയും ചെയ്യും . കൃഷിയിടങ്ങളിൽ ശാസ്ത്രീയ കീടനിയന്ത്രണത്തിനു ജമന്തി നട്ടുപരിപാലിക്കുന്ന രീതി ഇന്നു പ്രചാരത്തിലുണ്ട് . കടുത്ത മഴക്കാലവും വേനൽക്കാലവുമൊഴിച്ചുള്ള കാലാവസ്ഥയിൽ ജമന്തി നമ്മുടെ നാട്ടിൽ നന്നായി വളരുകയും പുഷ്പിക്കുകയും ചെയ്യും . പൂക്കളാണ് കീടങ്ങളെ അകറ്റിനിർത്തുന്നതിൽ മുന്നിൽ .



# കുട്ടികളേ

ജയനാരായണൻ തൃക്കാക്കര

മണ്ണിനെയറിയുക
മണ്ണിൽ കളിക്കുക
മണ്ണിനുകാക്കുക, കുട്ടികളേ
മനസ്സിനുമതിലുകൾ കെട്ടാതെ
മണ്ണിൽ വസിക്കുക,കുട്ടികളേ
മനുഷരാവുക,കുട്ടികളേ
മണ്ണിൽ പിറന്ന മുത്തുകളേ!

# നന്ദി

